## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ആജീവികാ സ്കിൽഡ് പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6073 — 07.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിന്റെ ദേശീയ ഗ്രാമീണ ഉപജീവനാമിഷന്റെ ഘടക പദ്ധതി യായ ആജീവികാ സ്കിൽഡ് നടപ്പി ലാക്കുന്നതിന്റെ ചുമതല സംസ്ഥാ നത്ത് കുടുംബശ്രീ ഏറ്റെടുത്തി ട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ, ഈ പദ്ധതിയുടെ വിശദാംശങ്ങളും നടപ്പിലാക്കുന്ന രീതിയും വ്യക്തമാക്കാമോ? | (ബി) | നാഷണൽ സ്കിൽ ഡവലപ്പ്മെന്റ് കൗൺസിലിന്റെ പഠന പ്രകാരം 2012-22 കാലഘട്ടത്തിൽ ഏകദേശം 7 ലക്ഷത്തോളം വിദഗ്ദ്ധ തൊഴിലാളികളുടെ അധിക ആവശ്യം സംസ്ഥാനത്ത് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് ഏതെല്ലാം മേഖലകളിലാണെന്ന് കണ്ടെത്തി പ്രസ്തുത മേഖലകളിൽ പരമാവധി പേർക്ക് തൊഴിൽ പരിശീലനവും തൊഴിലും നൽകുവാനുള്ള പദ്ധതിയ്ക്കാണ് കുടുംബശ്രീ രൂപം നൽകിയിട്ടുള്ളത്. 2014-15 മുതൽ 7 വർഷത്തേയ്ക്ക് ഒരു സ്റ്റേറ്റ് പെർസ്പെക്ടീവ് ഇംപ്ലിമെന്റേഷൻ പ്ലാൻ കുടുംബശ്രീ രൂപീകരിച്ചു വരുന്നു.<br><br>തൊഴിലിന്റെ സ്വഭാവമനുസരിച്ച് 3 മാസം, 6 മാസം, 9 മാസം, 12 മാസം ദൈർഘ്യമുള്ള തൊഴിൽ പരിശീലനം പൂർണ്ണമായും സൗജന്യമായി ഉദ്യോഗാർത്ഥികൾക്ക് നൽകുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനു പുറമേ സൗജന്യമായി യൂണിഫോമും, |

| | | | |
|---|---|---|---|
| | | | യാത്രാചെലവും, പഠിക്കുന്ന കാലയളവിൽ ഉച്ചഭക്ഷണവും പ്രസ്തുത പദ്ധതിയുടെ ഭാഗമായി നൽകുന്നതായിരിക്കും. തൊഴിൽ പരിശീലനത്തിന് പുറമേ ഇംഗ്ലീഷ് ഭാഷാ പരിശീലനവും, കമ്പ്യൂട്ടർ പരിശീലനവും സോഫ്ട് സ്കിൽ പരിശീലനവും ഓരോ പാഠ്യപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.<br>സംസ്ഥാനതല സ്കിൽ ഗ്യാപ് അസ്സസ്മെന്റ്, തൊഴിൽമേളകൾ, ബോധവൽക്കരണ പരിപാടികൾ, മൈഗ്രേഷൻ സപ്പോർട്ട് സെന്ററുകൾ, ആലമ്നി സപ്പോർട്ട്, പദ്ധതിയുമായി സഹകരിക്കുന്ന ഏജൻസികളുടെയും ഡിപ്പാർട്ട്മെന്റുകളുടെയും ഗ്രാമപഞ്ചായത്തുകളുടെയും ശാക്തീകരണം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വൻകിട തൊഴിൽദാതാക്കളുമായി ചേർന്ന് നടപ്പിലാക്കാനുദ്ദേശിക്കുന്ന ‘ക്യാപ്റ്റീവ് പ്ലേസ്മെന്റ്’ എന്ന പദ്ധതിയും ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ അഭിരുചി പ്രകാരം വിവിധ തൊഴിൽ പരിശീലന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നേടുവാൻ സഹായിക്കുന്ന ക്യാഷ് വൗച്ചർ പദ്ധതിയും ഇതിന്റെ പ്രധാന ഘടകങ്ങളാണ്. |

സെക്ഷൻ ഓഫീസർ